ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരക്കൊല്ലി ട്രൈബൽ കോളനി വൈദ്യുതീകരിക്കാൻ നടപടി

140 [3194] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാതികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരക്കൊല്ലി ട്രൈബൽ കോളനി വൈദ്യുതീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ട്രൈബൽ കോളനിയിൽ ആകെ എത്ര വീടുകളുണ്ടെന്നും അവിടെ എത്ര ആളുകൾ താമസിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കോളനി വൈദ്യുതീകരിക്കുവാൻ എവിടെ നിന്നാണ് ലൈൻ വലിക്കേണ്ടതെന്ന് അറിയിക്കുമോ;

(ഡി) ലൈൻ വലിക്കുന്ന വഴിയിൽ ആദിവാസികൾ താമസിക്കുന്നില്ലായെന്ന തടസവാദം ഉന്നയിച്ചാണോ കോളനി വൈദ്യുതീകരണത്തിന് നടപടികൾ സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കോളനിയിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റ് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയെന്നും ഇതിലേക്കായി 2004-2005 സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചു എന്നും അറിയിക്കുമോ;

(എഫ്) കാഞ്ഞിരക്കൊല്ലി കോളനിയിലെ വീടുകൾ പുനർനിർമ്മിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) 72 വീടുകളിലായി 116 കുടുംബങ്ങളിൽ ഏകദേശം 432 ആളുകൾ താമസിക്കുന്നുണ്ട്.

(സി) ചീത്തപ്പാറ കോളനി റോഡിൽനിന്നുമാണ് ലൈൻ വലിക്കേണ്ടത്.

(ഡി) അല്ല.

(ഇ) 2004-2005 സാമ്പത്തിക വർഷം അടിയാ-പണിയാ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശത്തെ ലോവർ പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിൽ പ്പെടുന്ന പണിയ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം, തയ്യൽകൂലി, കുട, ബാഗ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 13 കുടുംബങ്ങൾക്ക് തെങ്ങ് കൃഷിക്കും കമുക് കൃഷിക്കും, ആട് വളർത്തലിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസഹായ പദ്ധതിയിൽ സൗജന്യറേഷൻ വിതരണം നടത്തിയിട്ടുണ്ട്. ഏകദേശം 67550 രൂപ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുകയുടെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 50 ശതമാനം പട്ടികവർഗ്ഗ വികസന വകുപ്പിനും അനുവദിച്ചു നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ പട്ടിഗവർഗ്ഗ ഉപപദ്ധതി ഫണ്ട് ഊരുകൂട്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരക്കൊല്ലി കോളനി വൈദ്യുതീകരണം, വീടുകളുടെ പുനഃനിർമ്മാണം എന്നീ ആവശ്യങ്ങൾ ഊരുകൂട്ടങ്ങളുടെ തീരുമാനത്തിന് വിധേയമായും പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായും പദ്ധതി തയ്യാറാക്കി സംസ്ഥാന/ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

141 [3195] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക—പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി അനുവദിക്കുന്ന തുക ഫണ്ടിന്റെ അഭാവം മൂലം യഥാസമയം വിതരണം ചെയ്യാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് ധനസഹായം ഇനിയും നൽകാൻ ബാക്കിയുണ്ടെന്നും ഇതിന് എത്ര തുക വേണ്ടിവരുമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ കാര്യത്തിൽ ഫണ്ടിന്റെ അഭാവം മൂലം ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലാ ട്രഷറിയിൽ ആരംഭിച്ച പി.ഡി. അക്കൗണ്ട് 2004-2005 വർഷത്തിൽ തുടരാൻ കഴിയാതെ വന്നതിനാൽ യഥാസമയം ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

പട്ടികവർഗവിഭാഗത്തിന്റെ കാര്യത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട 14 അപേക്ഷകർക്കായി 71,500 രൂപയും പട്ടിക വർഗ്ഗത്തിൽപ്പെട്ട 50 പേർക്കായി 2,69,000 രൂപയും നൽകാൻ ബാക്കിയുണ്ട്.

(സി) പട്ടികജാതിയിൽപ്പെട്ട അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനാവശ്യമായ തുക അനുവദിച്ചു കഴിഞ്ഞു.

പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകർക്ക് അടുത്ത സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ധനസഹായതുക നൽകുന്നതാണ്.

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

142 [3196] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ ഉണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly